


**ഗേൾസ് ഹൈസ്കൂൾകണിച്ചുകുളങ്ങര**

**2019**

# പല്ലവം

## ഡിജിറ്റൽ മാഗസിൻ
## 2019

### ലിറ്റിൽ കൈറ്റ്സ് സംരംഭം

ഗേൾസ് ഹൈസ്കൂൾ
കണിച്ചുകുളങ്ങര



Dear Readers,

Greetings to you!

The pivotal role of education lies in shaping the personality of a child into a healthy mind and happy soul. It is an unending process. The confident authors have put across some amazing pieces of writing displaying their creative thinking and writing skills. Our school's digital magazine Pallavam 2019 helps to record the curricular and extra curricular journey of the school. The works included in this edition are simple but explore their talent and creative potential in using the information technology in proper way.

I extend my greetings and best wishes to all of my students.

Best wishes




S.Sujisha
Headmistress

# From the kite mistress's desk

We are delighted to present the first edition of Pallavam 2019,GHSK'S digital magazine. A competition of various endeavour by members of little kites,GHSK,the magazine serves as a medium for students to display literary along with information technology.

We can say with confidence that Pallavam 2019 will be a digital magazine that GHSK'S will love picking up and going through for many years to come and we congratulate them on a job well done.

Vineetha. M &
Bindumol. R



# എഡിറ്റോറിയൽ



നിലാവിന്റെ നറു വെളിച്ചം പോലെ.........

പുലരിയിലേക്ക് എത്തിനോക്കുന്ന ഉദയസൂര്യനെ പോലെ........
അക്ഷരങ്ങളുടെ മായികലോകത്തിലേക്ക് ചുവടുവയ്ക്കുകയാണ്


ഞങ്ങളുടെ ഈ ലിറ്റിൽ കൈറ്റ് മാഗസിൻ .
വാഗ്ദേവതയെ സ്മരിച്ചുകൊണ്ട് പൂർവിക ഗുരുക്കന്മാരുടെ ആശിർവാദം നേടി നല്ലൊരു ഭാവിയിലേക്ക് കണ്ണും നട്ട് ഞങ്ങളുടെ സ്വപ്നങ്ങളും പ്രതീക്ഷകളും നിരാശകളും തൂലികയാലും നിറച്ചാർത്തുകളാലും ആവിഷ്ക്കരിക്കുകയാണ് ഈ മാസികയിലൂടെ ഞങ്ങൾ.........

ആതിര. എ

ചീഫ് എഡിറ്റർ

| ക്രമ നമ്പർ | ഉള്ളടക്കം | പേജ് നമ്പർ |
|---|---|---|
| 1 | ജയ്ഹിന്ദ് | 8 |
| 2 | കൊതിയനായ കണ്ണൻ തവള | 9 |
| 3 | എൻെറ ഗ്രാമമേ | 10 |
| 4 | കാലത്തിൻെറ മാറ്റം | 11 |
| 5 | കേരളം നേരിട്ട ദുരന്തം | 12 |
| 6 | കിച്ചുവും പാച്ചുവും | 13 |
| 7 | ഓണവും പ്രളയവും | 14 |
| 8 | മുത്തശിമാവും കുട്ടിയും | 15 |
| 9 | മങ്കു എന്ന മുഖം നോക്കി കുരങ്ങൻ | 16-17 |
| 10 | തേന്മാറും ഓർമകൾ | 18 |
| 11 | ശാസ്ത്ര രംഗം | 19-20 |
| 12 | At Night | 21 |
| 13 | ബാല്യം | 22 |
| 14 | ചിത്രം | 23 |
| 15 | കോഴിയമ്മ | 24 |
| 16 | തീരം തീർത്ത ഓർമ്മ | 25 |
| 17 | ആമച്ചാര് | 26 |
| 18 | സ്നേഹമുള്ള സുഹൃത്തുക്കൾ | 27 |
| 19 | Thought | 28 |
| 20 | ചിത്രം | 29 |
| 21 | ഓണം | 30 |

| | | |
|---|---|---|
| 22 | പച്ചക്കറി വിളവെടുപ്പ് | 31 |
| 23 | ജൈവകീടനാശിനികൾ | 32 |
| 24 | Quiz | 33 |
| 25 | Friendship | 34 |
| 26 | ചിത്രം | 35 |
| 27 | നിലാവ് | 36 |
| 28 | Important Day | 37 |
| 29 | ചിത്രം | 38 |
| 30 | എൻെറ ഗുരുനാഥൻ | 39 |
| 31 | ലിറ്റിൽ കൈറ്റ് | 40 |



# ജയ്ഹിന്ദ്

രാജ്യാതിർത്തിയിൽ വെടിയുതിർക്കുന്നതിന്റെ ശബ്ദം മാത്രം.പല ജവാന്മാരുടെയും ജീവൻ ബലിയാടാകുന്ന ആ സമയത്ത് ഒരു ഇന്ത്യൻ ജവാന്റെ കാലിൽ വെടിയേറ്റു.മരണത്തോട് മല്ലിടുന്ന ആ സമയത്തും അദ്ദേഹം യുദ്ധം ഉപേക്ഷിക്കാൻ തയ്യാറായില്ല.ആ ധീര ജവാനെ രക്ഷിക്കുവാൻ അവരിൽ ചിലർ ശ്രമിച്ചു.ബാക്കിയുള്ളവർ അവരുടെ കർമ്മത്തിൽ മുഴുകിയിരുന്നു.അവർ അദ്ദേഹത്തെ വളരെ സാഹസികമായി യുദ്ധഭൂമിയിൽ നിന്ന് രക്ഷിച്ച് ആശുപത്രിയിൽ എത്തിച്ചു.ഡോക്ടർ പരിശോധിച്ചതിനു ശേഷം അദ്ദേഹത്തിന്റെ വെടിയേറ്റ കാൽ ഇനി പൂർവ്വ[1] സ്ഥിതിയിലേക്ക് കൊണ്ടു വരാൻ സാധിക്കുകയില്ല എന്ന് സ്ഥിരീകരിച്ചു.അതിനാൽ അദ്ദേഹത്തെ ആശുപത്രിയിൽ നിന്നും മറ്റൊരു ആശുപത്രിയിലേക്കു മാറ്റി.അവിടുത്തെ ഡോക്ടറും അതുപോലെ തന്നെ പറഞ്ഞെങ്കിലും മരണത്തോട് മല്ലിടുന്ന ആ ധീരജവാനെ  കൈവിടാൻ മനസ്സുവന്നില്ല . അതിനാൽ അദ്ദേഹത്തിന്റെ ജീവൻ നഷ്ടമായാലും ആ കാൽ മുറിച്ചു മാറ്റി പകരം ഒരു വെപ്പുകാൽ വെച്ചുതരാം എന്ന് അദ്ദേഹം പറഞ്ഞു. അതിനുവേണ്ട സാക്ഷ്യപത്രവും മറ്റും ഒപ്പിട്ടു വാങ്ങിയശേഷം അദ്ദേഹത്തെ ശസ്ത്രക്രിയക്ക് വിധേയനാക്കി. ഇന്ത്യൻ മഹാരാജ്യത്തെ സംരക്ഷിക്കുകയും രാജ്യത്തിനുവേണ്ടി  പോരാടുകയും ചെയ്ത അദ്ദേഹത്തിന്എന്റെ ജയ്ഹിന്ദ്

**GOWRI NANDANA(9A)**

1 പഴയ സ്ഥിതി



# കൊതിയനായ കണ്ണൻ തവള

അമ്മുവിന്റെ വീടിന്റെ പിന്നിലെ കൊച്ചുമാളത്തിൽ[2] താമസ്സിക്കുന്ന കണ്ണൻ തവള എന്നും മഞ്ഞപൂമ്പാറ്റയെ കാണും. കാണുമ്പോഴൊക്കെ അവന്റെ നാവിൽ വെള്ളമൂറും.എന്നുണ്ട് അവളുടെ ക്രൂടെ. അങ്ങനെയിരിക്കെ ഒരു ദിവസം മഞ്ഞപൂമ്പാറ്റ അമ്മുവിന്റെ തോട്ടത്തിലെ വെള്ളരിവള്ളിയിലെ കുഞ്ഞുപൂവിലിരുന്ന് മയങ്ങുകയായിരുന്നു.കണ്ണൻ തന്റെ ഉണ്ടകണ്ണുകൾ ചുറ്റും ചലിച്ചപ്പോൾ ആ കാഴ്ച കണ്ടു. ഇതുതന്നെ തക്കം..........

കണ്ണൻ പതിയെ ചാടിച്ചാടി, വെള്ളരിയുടെ ചുവട്ടിലെത്തി. വെള്ളരിവള്ളിയുടെ കുഞ്ഞിപ്പൂവിലിരുന്ന് മയങ്ങുന്ന മഞ്ഞപൂമ്പാറ്റയെ ലക്ഷ്യമാക്കി കണ്ണൻ ഒരൊറ്റചാട്ടം.പക്ഷെ കണ്ണന്റെ ലക്ഷ്യം പിഴച്ചു. വെള്ളരിവള്ളിയിൽ അവന്റെ കാൽ തട്ടി വള്ളികൾ ആകമാനം ഇളകിയാടി. പെട്ടെന്ന് മയക്കമുണർന്ന പൂമ്പാറ്റ അടുത്ത ചെടിയിലേക്ക് പറന്നു പോയി. അപ്പോഴാണ് തന്നെ ലക്ഷ്യം വെച്ചിരുന്ന കണ്ണനെ അവൾ കണ്ടത്. പിന്നെ ഒരു നിമിഷം പോലും അവൾ അവിടെ നിന്നില്ല.



**അലീന ബിനോജ്**
**9A**

2 കുഴിയിൽ

# എൻ പ്രിയ ഗ്രാമമേ

സ്വപ്നങ്ങൾ പൂക്കുന്ന നാടാണല്ലോ
മഞ്ഞു പെയ്യും കാലമാണല്ലോ
കേരം തിങ്ങുന്ന നാടാണല്ലോ
തുമ്പി തുള്ളും കാലമാണല്ലോ
പുഴകൾതൻ കളകള നാദം കേട്ടോ
കിളികൾ ചിലക്കും ശബ്ദം കേട്ടോ
തുമ്പികൾ പാറിപ്പറക്കുന്ന കണ്ടോ
മയിലുകൾ നൃത്തം ചവിട്ടുന്ന കണ്ടോ
കേരളനാടേ എൻ നാടേ..........

**അഞ്ജലി .എ**

**9 D**



# കാലത്തിന്റെ മാറ്റം

കൊഞ്ചിച്ച് ലാളിച്ച് വളർത്തി
ഞാൻ എന്റെ ഓമനയെ
അവൾ വളർന്നു വലുതായതു
പോലും ഞാനറിഞ്ഞില്ല
അമ്മയില്ലാത്ത ദുഃഖം ഞാനവളെ
അറിയിച്ചില്ല........
ഞാനൊരുനിദ്രയിൽ അറിയാതെ
വീണിടവെ,
പോയിമറഞ്ഞു എൻ അരികിൽ
നിന്നവൾ
കാലം മാറിയതും മനുഷ്യൻ
മാറിയതൊന്നും ഞാനറിഞ്ഞില്ല
അവൾ സമ്മാനിച്ച ഓരോരുത്തർക്കും
സന്തോഷത്തിന്റെ നീണ്ട നീണ്ട
ദിനങ്ങൾ...................
എന്നാൽ അവർ അവൾക്കു തിരിച്ചു
നൽകി സ്വപ്നങ്ങൾ തല്ലിയുടച്ച
സന്തോഷത്തിന്റെ വെളിച്ചത്തെ
തല്ലികെടുത്തി ഇരുട്ട് മാത്രം
നിറഞ്ഞസമ്മാനത്തെ
തിരികെ ലഭിച്ച എൻഓമനയെ
ക്രൂരന്മാരുടെ കൈപ്പാടുകൾ നിറഞ്ഞ
ശരീരമായി...............
ജീവചലനമില്ലാത്ത
ഒരിക്കലും ഒരുണർവില്ലാത്ത
ഉറക്കത്തിലേക്ക്ആണ്ടുപോയവൾ
എന്നെ തനിച്ചാക്കി.............



**അഭിരാമി സുധീർ**
**10 A**

# കേരളം നേരിട്ടദുരന്തം




കേരളത്തെ ആകെ ഞെട്ടിവിറപ്പിച്ച പ്രളയം, ഉരുൾപൊട്ടൽ , വെള്ളപ്പൊക്കം, മഴ, എന്നിവ നമുക്ക് മറക്കാനാവില്ല . കേരളത്തിന്റെ കുറെയേറെ ജീവനുകൾ വെള്ളപ്പൊക്കത്തിൽ ഒലിച്ചുപ്പോയി. ഈ ദുരന്തത്തിൽ കേരളീയരെ രക്ഷിക്കാൻ മത്സ്യബന്ധനക്കാരും സൈന്യവും മറ്റ് രക്ഷാപ്രവർത്തകരും മുന്നിട്ടിറങ്ങി. കൂടുതലായും പറയേണ്ടത് മത്സ്യബന്ധനക്കാരെ കുറിച്ചാണ്, അവർ അവരുടെ ജീവൻ പണയം വെച്ച് അവരുടെ കുടുംബങ്ങളെ പിരിഞ്ഞ് അവരുടെ ബോട്ടുകളുമായിറങ്ങി. രക്ഷാപ്രവർത്തനങ്ങളിലും കുറച്ച് ജീവൻ പൊലിഞ്ഞ്പ്പോയി. എന്നാൽ മതത്തിനും ജാതിക്കും വേണ്ടി മല്ലടിച്ചിരുന്നവർ ഈ ദുരന്തത്തിൽ ഒത്തുചേർന്നു.

അഞ്ജലി .എ
9 D



# കിച്ചുവും പാച്ചുവും

കിച്ചുവുംപാച്ചുവുംകൂട്ടുകാരാണ്.അവർരണ്ട്എലിക്കുട്ടന്മാരാണ്, പരസ്പരം സഹായിച്ചാണ്അവർവളർന്നത്.ആർക്ക്എന്ത്ആപത്ത് വന്നാലും അവർ സഹായിക്കും . ഒരു ദിവസം അവർ കാട്ടിലൂടെ നടന്നു വരികയായിരിന്നു . അപ്പോഴാണ് കുഞ്ഞനാട് അതു വഴി വന്നത് ,"എന്താ കുഞ്ഞാ നീ കരയുന്നത് ",കിച്ചു ചോദിച്ചു എന്റെ അനിയൻ കിട്ടുവാട് ഒരു കുഴിയിൽ വീണു ."എങ്ങനെ രക്ഷിക്കണമെന്ന് എനിക്ക് അറിയില്ല "കുഞ്ഞൻ പറഞ്ഞു .എവിടെയാ? എല്ലാവരും കൂടി ആ കുഴിയുടെ അടുത്തേക്ക് പോയി.അപ്പോഴാതാ കുഞ്ഞന്റെ അനിയൻ കുഴിയിൽ കിടന്നു കരയുന്നു.അത് നല്ലൊരാഴമുള്ള കുഴിയാണ് ,കിച്ചു പറഞ്ഞു "പാച്ചു വേഗം വാ. കുഞ്ഞനിവിടെ നിൽക്ക് ,ശരി ", അവർ രണ്ടും കൂടി മുത്തശ്ശി മാവിൽ തൂങ്ങി കിടന്നിരുന്ന നല്ല ബലമുള്ള ഒരു കാട്ടുവള്ളി കടിച്ചു മുറിച്ചു .വള്ളിയുടെ ഒരു ഭാഗം ആ മാവിൽ കെട്ടി മറ്റേ ഭാഗം കുഴിയിലേക്ക് ഇട്ടു .കിട്ടു ഈ വള്ളിയിൽ നീ പിടിച്ചോ, ഞങ്ങൾ മുകളിലേക്കു വലിക്കാം , അവർ മൂന്ന് പേരും കൂടി വള്ളി വലിച്ച് കിട്ടുവിനെ മുകളിലേക്ക് കയറ്റി. "നന്ദിയുണ്ട് കിച്ചു, പാച്ചുവിനും" ,കിട്ടുവാട് പറഞ്ഞു .കൂട്ടകാർക്കിടയിൽ എന്തിനാ നന്ദി ഇന്നുമുതൽ നമ്മൾ നാലുപേരും നല്ല കൂട്ടുകാരാണ് "കിച്ചുവും പാച്ചുവും പറഞ്ഞു അന്നുമുതൽ അവർ നാലുപേരും നല്ല കൂട്ടുകാരായി ജിവിച്ചു.

എന്നും ഒത്തൊരുമയോടെ ജിവിച്ചാൽ എന്തും സാധിക്കും.........

Sandra Chandran
8B



# ഓണവും പ്രളയവും



താളം തുള്ളി ഓണവും വന്നു
മഴയും തുള്ളി പ്രളയവും വന്നു
ഓണത്തിന് ആഘോഷം ഇല്ലായിരുന്നിട്ടും
പ്രളയത്തിൽ മരിച്ചത് ആയിരങ്ങൾ
മാവേലി മന്നനെ വരവേൽക്കാൻ കാത്തുനിന്നു
പക്ഷേ വന്നത് പ്രളയമാരിയാണ്
പൂക്കളും തുമ്പിയും വന്നില്ല
കാറ്റും മഴയും വന്നു സന്തോഷമില്ലാതെ
ആളുകളെല്ലാരും ഒത്തുചേർന്നു
തൻ വീടുകൾ ഉപേക്ഷിച്ചു ഒത്തുചേർന്നു
കുടുങ്ങിക്കിടക്കും സഹോദരങ്ങളെ രക്ഷിക്കാൻ
ഒത്തുചേർന്നു മാലോകരെന്നാരും ഒത്തുചേർന്നു

**അഖിലാസേതു**
**7B**



# മുത്തശ്ശിമാവും കുട്ടിയും

ഒരു ദിവസം ഒരു അമ്മുമ്മ നടന്നുവരുകയായിരുന്നു.അപ്പോൾ ഒരു മാവിൻ ചുവട് കണ്ടു.അമ്മുമ്മ ആ മാവിൻ ചുവട്ടിൽ പോയിരുന്നു.അപ്പോൾ അമ്മുമ്മ പറഞ്ഞു "വിശക്കുന്നേ"അപ്പോഴാണ് അമ്മുമ്മ മാവിലേക്ക് നോക്കിയത്;ഒരു മാമ്പഴം. അപ്പോൾ അതു വഴി വന്നവരോട് മാമ്പഴം പറിച്ച് തരാൻ അമ്മുമ്മ ആവശ്യപ്പെട്ടു.എന്നാൽ ആരും അതിന് മുതിർന്നില്ല. അപ്പോൾഅമ്മുമ്മയോട് അലിവ് തോന്നിയഒരു കുട്ടി അമ്മുമ്മയോട് കാര്യം തിരക്കി ;അമ്മുമ്മ വിശക്കുന്ന കാര്യം ആ കുട്ടിയോട് പറഞ്ഞു.ആ കരുണയുള്ള കുട്ടി അമ്മുമ്മയുടെ വിശപ്പടക്കാനായി മാവിൽ കയറി മാമ്പഴം പറിച്ച് അമ്മുമ്മയ്ക്ക് നൽകി.അമ്മുമ്മ വിശപ്പടക്കികഴിഞ്ഞ് വീട്ടിലേക്ക് പോയി.........

JAYASRI .S
8B



# മങ്കു എന്ന മുഖം നോക്കി കുരങ്ങൻ



പണ്ടൊരുകാട്ടിൽ മങ്കു എന്നൊരു മുഖം നോക്കി കുരങ്ങനുണ്ടായിരുന്നു.അമ്മയുടെ പുന്നാരയായ മങ്കുവിന് എപ്പോഴും ഗമയായിരുന്നു.താനാണ് ഏറ്റവും വലിയസുന്ദരനെന്നായിരുന്നു അവന്റെ വിചാരം.തന്റെ ഭംഗിയുള്ള മുഖം കാണാൻ അവനൊരു സൂത്രമുണ്ട്.എപ്പോഴും പുഴവക്കത്ത് വന്ന് തന്റെ മുഖ സൗന്ദര്യംമതിവരുവോളമങ്ങനെ കണ്ടാസ്വദിക്കും.നേരംവെളിച്ചമായാൽ മങ്കുവിന് ഇതല്ലാതെ വേറെ പണിയൊന്നുമുണ്ടാവില്ല.മറ്റുകുരങ്ങൻമാരൊക്കെ ആഹാരം തേടാനും കൂട്ട് കൂടാനുമൊക്കെ പോകുമ്പോൾമങ്കു മാത്രം എപ്പോഴും പുഴ വക്കത്തായിരിക്കും.അതു കാണുമ്പോൾ അമ്മ താക്കീത് നൽകുക പതിവാണ്
"മങ്കു ഒരു പണിയും ചെയ്യാതെ എപ്പോഴും സ്വന്തം മുഖം നോക്കിയിരിക്കുന്നത് അത്ര നല്ലതല്ല.ആപത്ത് അരികെ ഉണ്ടാവും.സൂക്ഷിച്ചാൽ നന്ന്." മങ്കുവിന് പക്ഷേ എന്നിട്ടും ഇല്ല ഒരു കുലുക്കവും.അവൻ പതിവായി പുഴവക്കത്ത് പോയിക്കൊണ്ടേയിരുന്നു.ഒരു ദിവസം പതിവുപോലെ പുഴയിൽ മുഖം നോക്കിയ മങ്കു പേടിച്ചുപോയി.തന്റെ ഭംഗിയുള്ള മുഖത്തിന് പകരമായതാ ഭീകരമായ ഒരു മുഖം. കൂർത്ത പല്ലുകളും ഉണ്ട കണ്ണുകളും കാട്ടുമരത്തടിപോലെ ശരീരവുമൊക്കെയുള്ള ഒരു രൂപം.മങ്കുവിന് ഒന്നും മനസ്സിലായില്ല.അവൻ കരഞ്ഞുകൊണ്ട് അമ്മയുടെ അടുത്തെത്തി. "അമ്മേ എന്റെ മുഖത്തിന്റെ ഭംഗിയൊക്കെ പോയി.കണ്ടില്ലേ, കൂർത്ത പല്ലുകളും ഉണ്ട കണ്ണുകളുമൊക്കെ എന്റെ പഴയ മുഖം എവിടെ പോയമ്മേ? " നിന്റെ പഴയ മുഖത്തിന് എന്ത് പറ്റി? അമ്മയ്ക്കൊന്നും മനസ്സിലായില്ലല്ലോടാ? മങ്കു പുഴയോരത്തുകണ്ടത് അമ്മയെ അറിയിച്ചു.അവൻ അമ്മയേയും കൂട്ടിപുഴക്കരയിലെത്തി. പുഴയിലൊരുമുതല തലയുയർത്തി നോക്കുന്നു.മങ്കുവിന് പറ്റിയ മണ്ടത്തരം അപ്പോഴാണ് അമ്മയ്ക്ക് മനസ്സിലായത്.മുതലയുടെ മുഖം കണ്ടാണ് തന്റെ മുഖത്തിന് എന്തോ പറ്റിയതെന്ന് മങ്കു തെറ്റി ധരിച്ചിരിക്കുന്നത്.

"മഞ്ജു ദൈവം നിന്നെ രക്ഷിച്ചതാണ്.നമ്മളെയൊക്കെ പിടിച്ച്തിന്നുന്നൊരു മുതലയാണത്.അവന്റെ വായിലെങ്ങാനും പെട്ടിരുന്നെങ്കിലോ?"
മങ്കുവിന് എല്ലാം ബോധ്യമായി.  ഇനി ഏതായാലുംപുഴക്കരയിലേക്ക് താൻ വരില്ലെന്ന് അവൻ നിശ്ചയിക്കുകയും ചെയ്തു.

സാന്ദ്രാ സുരേഷ്
6A



# തേന്നൂറും ഓർമ്മകൾ

മേടമാസത്തിന്റെ നെറുകയിലൊഴുകുന്ന
തേന്നൂറും മാമ്പഴക്കാലം
ഇരുളിനെ നീക്കിയും
കനിവോടും വീറോടും
മോഹമായ് നിന്നൊരുബാല്യം

വാനിൽ പറക്കുന്ന പറവയെ നോക്കിയും
നീന്തിതുടിക്കുന്ന മീനിനെനോക്കിയും
കണ്ണോട്,കാതോട് താളത്തിലാടിയും
സ്നേഹത്തിൻ ഓർമയായ് ബാല്യകാലം

ആദ്യാക്ഷരത്തന്റെ നെറുകയിൽ തൊട്ടിട്ട്
മോഹജാലങ്ങളെ വാനിൽ പറത്തിയും
നാട്ടുമാവിന്റെ നെറുകയിൽ കയറിയും
തേന്നൂറും മോഹമായെന്നടെ ബാല്യം

ഓടുന്ന കുതിരയിൽ താളംപിടിച്ചും
പായുന്ന വണ്ടിയിൽ മോഹംകുതിച്ചും
ജ്വാലയായ് മോഹമായ്
മനതാരിനുള്ളിലെ മധുരബാല്യം

**Anjali . P.J**
**9A**



# ശാസ്ത്ര രംഗം

1.മനുഷ്യൻ ആദ്യം കണ്ടുപിടിച്ചത് ചെമ്പ്.അത് കണ്ടുപിടിച്ചത് ആര്? എങ്ങനെ?

2.സ്വയം കറങ്ങുന്നതും സൂര്യനെ വലം വയ്ക്കുന്നതുമായ ഭൂമി പെട്ടെന്ന് നിശ്ചലമായാൽ എന്ത് സംഭവിക്കും?
ഇത് ചന്ദ്രനെ എത്രത്തോളം ബാധിക്കാം?

3.ഓക്സിജന് നീല നിറം ആണെന്നും അത് അതി കഠിനമായി തണുപ്പിൽ മാത്രം നീല നിറത്തിൽ കാണപ്പെടുമെന്നും കേട്ടിട്ടുണ്ട്. ഇതിന് പിന്നിലെ രഹസ്യം എന്ത്?

4.സൂര്യന്റെ താപം ഉച്ചക്ക് കൂടുതലാകുകയും ഇടക്ക് കുറയുകയും ചെയ്യുന്നത് എന്തുകൊണ്ട്?

5.എന്താണ് നമ്മുടെ കൈ മുറിച്ചാൽ നമ്മൾ മരിക്കാത്തത്?പക്ഷെ നമ്മുടെ കയ്യിലെ ഞരമ്പ്മുറിച്ചാൽമരിക്കുന്നത്?

6.എങ്ങിനെയാണ് ഗ്രഹങ്ങൾ പ്രപഞ്ചത്തിൽ ഉണ്ടായത്?

7. എന്തുകൊണ്ടാണ് പ്രപഞ്ചത്തിലെ ഭൂമി ഒഴികെയുള്ള ഗ്രഹങ്ങളിൽ വായു വെള്ളം ഒന്നും ഇല്ലാത്തത്?


8.എങ്ങനെയാണ് മനുഷ്യനുണ്ടായത്?

9.Carbohydrates, minerals, vitamins etc. ആരാണ് കണ്ടുപിടിച്ചത്?

10.ഉച്ച സമയം എവിടെയെങ്കിലും നമ്മുടെ ശരീരത്തിൽ മുറിവുണ്ടായാൽ രക്തം നിൽക്കാതെ വരുന്നത് എന്തുകൊണ്ട്?

11. എന്തുകൊണ്ടാണ് പ്ലൂട്ടോ എന്ന ഗ്രഹത്തെ മാറ്റിയത്?

12.തേങ്ങക്കുള്ളിലെങ്ങനെ വെള്ളമുണ്ടായി?



# AT NIGHT

Night ,beauty of darkness.
Angles of sky flying
At night ,
There eyes gleaming as light
cool gentle breeze
Took always my dreams.
Tulips of white
Blossom in the night
Stars of sky, look them as very shy.
Dawn is coming,the moon is leaving.

ARCHA.M.P
8A



# ബാല്യം


നദിയായൊഴുകി എവിടേയ്ക്കോ
പോയ് മറഞ്ഞ ബാല്യം
കൂട്ടുമൊത്ത് മനസ്സിന്റെ ഉള്ളിൽ
ആടിരസിക്കുന്ന ബാല്യം
ഇണക്കവും പിണക്കവും ഇടകലർന്ന
ഒരു ബാല്യനിസ്വനം
ഒന്നുകൊതിതീരെ അനുഭവിക്കാൻ മോഹം
ഇപ്പോഴും ഉള്ളിന്റെ ഉള്ളിൽ
വിതുമ്പി നിൽക്കുന്ന ബാല്യം

ആദിത്യ അജയൻ
8A




ആദിത്യ.S
VII.C

# കോഴിയമ്മ



ഒരിടത്ത് ഒരിടത്ത് ഒരുപാവം കോഴിയമ്മ ഉണ്ടായിരുന്നു. കോഴിയമ്മ കാടിനടുത്തുള്ള കൂട്ടിൽ കുഞ്ഞുങ്ങളുടെ കൂടെയായിരുന്ന താമസം. ഒരു ദിവസം കോഴിയമ്മയും കുഞ്ഞുങ്ങളും മുറ്റത്തുകൂടി ചിക്കിച്ചികഞ്ഞ്തീറ്റതിന്ന്നടക്കുകയായിരുന്നു.അപ്പോൾ സൂത്രക്കാരനായ കുറുക്കൻ അതുവഴി വന്നു. "ഏയ് കോഴിയമ്മേ വല്ലാതെ ദാഹിക്കുന്നു കുടിക്കാൻകുറച്ച് വെള്ളം തരുമോ?" കുറുക്കൻ ചോദിച്ചു കോഴിയമ്മ കുറുക്കന് കുടിക്കാൻവെള്ളമെടുക്കാനായികൂടിനകത്തേക്ക് പോയി.....തിരികെ വെള്ളവുമായി വന്നപ്പോൾ കോഴിയമ്മയകണ്ട കാഴ്ച ഒരമ്മക്കുംസഹിക്കാൻകഴിയുന്നതായിരുന്നില്ല..........



അഞ്ജന

8B

# തീരം തീർത്ത ഓർമ്മ

കാലത്തിൻ ചക്രങ്ങൾ ഉരുണ്ടകലുന്നു
ഒപ്പം ചലിക്കുന്നു സൂര്യചന്ദ്രൻമാരും
പുലരിയിൽ കാകളം പാടുന്ന കിളികൾ
സന്ധ്യയിൽ കൂടുപറ്റാൻ കുതിക്കുന്നു
മലതൻ പിന്നിൽ നിന്നുയർന്നുവരുമർക്കൻ
ആഴിത്തിരയിൽ മുങ്ങി ഒളിക്കുന്നു
നിലാവെയിലോളങ്ങളെ പുണർന്നുകൊണ്ടെൻ
കുന്തൽ തഴുകി കടന്നിടുന്ന മന്ദമാരുതൻ
ജീവിത സരണികൾ തീർത്തവൈചിത്ര്യങ്ങൾ
നിമിഷനേരത്തിൽ മിന്നിമറഞ്ഞു കൺമുന്നിൽ
എന്നോ മനസ്സിലൊളിച്ച സ്വപ്നങ്ങൾ
തേൻ കുമിളകളായി പതഞ്ഞുയർന്നു
വേളയൊരൽപം കടക്കുന്നതിൻമുന്നെ
മാധുര്യം കാഠിന്യമായി തളിർത്തു
ഇടനെഞ്ചിന്ശൈത്യത പകർന്ന മഞ്ഞുകണങ്ങൾ
ചെങ്കനൽ കുനകളായി നിറഞ്ഞു
താപത്തിൽതുകിയ മിഴിനീർ തുള്ളികൾ
ഉഷ്ണ ബിന്ദുക്കളായി പതിച്ചുഭൂമിയിൽ
തൻ കാലടിപ്പാടുകളിന്നു കാണുന്നുണ്ടതെങ്കിലും
ഒപ്പമുണ്ടായിരുന്നവയെങ്ങോ മറഞ്ഞുപോയി
തീരത്തെ കാലടിപ്പാടുകൾ തിരകൾ മായതെങ്കിലും
മനസ്സിൽ തീർത്ത മുറിപ്പാടുകളിന്നും സുവ്യക്തം
ഇനിയൊരു ജന്മമതുണ്ടായിടുമെങ്കിൽ
നാം ആ ജന്മത്തിൽ സുപരിചിതരെങ്കിൽ
ഒന്നിച്ച നടന്നിടാം വഴിയവസാനിച്ചിടും വരെ.......



വരദ.എസ്.കുമാർ
**9A**


# ആമച്ചാര്

ഇന്ന് നീലമലക്കാട്ടിൽ ഉത്സവമാണ്. കുറുക്കത്തി പെണ്ണിന്റെ കല്യാണമാണിന്ന്. ആട്ടവും പാട്ടും എല്ലാമുണ്ട്, പിന്നെ ഗംഭീര സദ്യയും. കുറുക്കത്തി പെണ്ണിന്റെ കല്യാണത്തിന് കാട്ടുമുഴുവൻ ഒരുക്കത്തിലാണ്. അങ്ങനെ നമ്മുടെ മിട്ടുമുയലും കൂട്ടുകാരും കല്ല്യാണത്തിന് പോകുമ്പോൾ അതാവരുന്നു പാവംആമച്ചാരും കുടുംബവും.മിട്ടു ആമച്ചാരെ കളിയാക്കി കൊണ്ട് പറഞ്ഞു "അയ്യോനിങ്ങൾ പതുക്കെ പതുക്കെ ഇഴഞ്ഞ് ഇഴഞ്ഞ് വരുമ്പോൾ കല്യാണം കഴിയും."അവർ ആവരെ കളിയാക്കി ചിരിച്ച് കൊണ്ട് നടന്ന് നീങ്ങി.പാവം ആമച്ചാർ അതിന് ഒരു മറുപടിയും പറയാതെ പതുക്കെ പതുക്കെ ഇഴഞ്ഞ് നീങ്ങി.ആമച്ചാരുടെ കുട്ടികൾക്ക് ഈ പരിഹാസം കേട്ടിട്ട് സങ്കടം വന്നു.അപ്പോൾ പണ്ട് മുയലുമായുള്ള ഓട്ട പന്തയത്തിൽ ജയിച്ച കഥ തന്റെ കുട്ടികൾക്ക് ആമച്ചാർ പറഞ്ഞു കൊടുത്തു.പയ്യെ തിന്നാൽ പനയും തിന്നാം എന്ന ഉപദേശവും നൽകി.

ആസിയ റിയാസ്
7 C



# സ്നേഹമുള്ള സുഹൃത്തുക്കൾ



ഒരു കുറുക്കനും കോഴിയും ഉണ്ടായിരുന്നു.

അവർ കുട്ടിക്കാലം മുതൽക്കേ നല്ല കൂട്ടുകാരായിരുന്നു.കോഴിക്ക് എന്ത് കിട്ടിയാലും കോഴി കുറുക്കനും, കുറുക്കന് എന്തു കിട്ടിയാലും കുറുക്കൻ കോഴിക്കും കൊടുക്കുമായിരുന്നു.ഒരു നാൾ രണ്ടുപേരും തീറ്റതേടി പോയി. ഉച്ചയായിട്ടും കോഴിക്ക് തീറ്റ ഒന്നും കിട്ടിയില്ല. അപ്പോൾ കുറുക്കൻ എന്തെങ്കിലും കൊണ്ടുവരും അതിൽ നിന്നും തിന്നാം എന്ന് വിചാരിച്ച് കോഴി വീട്ടിലേക്ക് മടങ്ങി. വീട്ടിൽ ചെന്നപ്പോൾ കുറുക്കന് ഒന്നും കിട്ടാതെ കോഴി വല്ലതും കൊണ്ടുവരുമെന്ന് വിചാരിച്ച് ഇരിക്കുകയായിരുന്നു. കുറച്ച് കഴിഞ്ഞ് രണ്ടുപേർക്കും വിശക്കുവാൻ തുടങ്ങി. അങ്ങനെ രണ്ടുപേരും ഒരുമിച്ച് ഒരു വഴിക്ക് തീറ്റതേടാൻ പോയി. കുറേ ദൂരം ചെന്നപ്പോൾ ഒരു വിശാലമായ നെൽപ്പാടം അവർ കണ്ടു.അവർ രണ്ടു പേർക്കും വിശപ്പുണ്ടായിരുന്നെങ്കിലും കുറുക്കന് ഇരയെ കിട്ടുന്നവരെ ക്ഷമയോടെ കോഴി കാത്തിരുന്നു.കുറുക്കന്റെ വിശപ്പിൽ അതീവ ദു:ഖിതയായ കോഴി തന്നെ ഭക്ഷിക്കുവാൻ കുറുക്കനോട് ആവശ്യപ്പെട്ടു.ഇത് കേട്ട് കുറുക്കന്റെ കണ്ണ് നിറഞ്ഞു.ഇതിലൂടെ ഇരുവരുടെയും സൗഹൃദത്തിന്റെ ആഴം പ്രകടമായി.

ശിവഗംഗ ശിവദാസ്
6A



# THOUGHTS

Whoever loves to meet god. God loves to meet him

**PROPHET MUHAMMAD**

You have to dream before your dreams come true

**ABDUL KALAM**

Imagination is more important than knowledge

**ALBERT EINSTEIN**

when you want something whole
universe conspires in helping you to acheive it

**PAULO CHOELO**

What we know is a drop what .,
we dont know is an ocean

**ISAC NEWTON**

"Speak 5 lines to yourself every morning
I am the best
I can do it
God is always with me
I am a winner
Today is my day

**Dr A.P.J ABDULKALAM**

**VARADA**
**and**
**NANDANA**
**9A**







*Illustration 1: Nayana. V.R 7C*

# ഓണം



ഓണംവന്ന് ഓണംവന്ന് ഓണംവന്ന്
മാവേലി വന്നിട്ടും ഓണംവന്നു
പൂക്കൾ ചെറു പുഞ്ചിരിതൻ
ഓണകലോത്സവ പൂക്കളങ്ങൾ
ഓണക്കോടിയുമുടുത്തു നമ്മൾ
അമ്പലമുറ്റത്ത് പോയിടുന്നു
ഉച്ചയായി ഉച്ചയായി ഊണനേരം
ഓരോരോ വീട്ടിലിന്നോണസദ്യ
ഊണകഴിച്ച കഴിഞ്ഞുവല്ലോ
അരവയറുണ്ടിനി പായസങ്ങൾ
പത്ത് ദിവസം കഴിഞ്ഞുവല്ലോ
ചതയംകൊണ്ടിക്കൊല്ലം ഓണം തീർന്നു

നന്ദന. L
6 A

# പച്ചക്കറി വിളവെടുപ്പ്



# ജൈവ കീടനാശിനികൾ



1.വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം
2.വേപ്പിൻ കുരു സത്ത്
3.പുകയില കഷായം
4.സ്യൂഡോമോണാസ്
5.ബെയ്ക്കിംഗ് സോഡാ മഞ്ഞൾ മിശ്രിതം

## പച്ചക്കറിയിലെ കീടനിയന്ത്രണത്തിന് ഉപയോഗിക്കുന്ന കെണികൾ

1.പഴം ശർക്കര കെണി
2.ഫെറമോൺകെണി
3.മഞ്ഞക്കെണി
4.തുളസിക്കെണി
5.കഞ്ഞിവെള്ളക്കെണി



ബിന്ദുമോൾ. ആർ
കൈറ്റ് മിസ്ട്രസ്

# QUIZ

**1.What mountainous home of mythological gods is found on the border between Greece and Macedonia?**
**> Mount Olympus**

**2.Some fans objected to whose casting in *The Hunger Games* , complaining she wasn't emaciated enough to be from the very hungry District 12?**
**> Jennifer Lawrence**

**3. The modern version of what 'an – gelic stringed instrument found in many orchestras, has seven pedals?**
**> The harp**

**4. What fictional race eats seven meals a day , including second breakfast , elevenses and afternoon tea?**
**> Hobbits, from *The Load of the Rings***

**5.Keke Rosberg won the Formula One World Championship for Finland. His son, Nico, is a dual citizen who races for which country?**
**> Germany**

**ANUSHA.V.T**
**9A**



# FRIENDSHIP

**We shared smiles.....**
**We wiped the tears**
**and through the years.....**
**our friendship has grown**
**Along with us.....**
**you are truly**
**a wonderful part of my**
**LIFE.....**
**Friendship is a sacrifice**
**Sacrificing the life for**
**FRIENDSHIP.....**



VIDHYA.V
9A



*llustration 2: Sivaganga 6A*

# നിലാവ്

രാവേറയായ് മലരേ.........
നീവിരിയൂ ഈ മലർവാടിയിൽ
അണയുന്ന സന്ധ്യതൻ നെറുകയിൽ
തൊടുവാൻ മറന്നൊരു ശ്രീരാഗമായ്...........
മായുന്ന മനസ്സിന്റെ അലയൊലികൾ
വിടരുന്ന കിനാവിൻ നറുതീരങ്ങൾ
താരകങ്ങൾ മിന്നിമറയുന്നൊരാ വാനിൽ
നിന്നോടുകാമമെന്നോതുവാൻ വെമ്പുന്ന പൂനിലാവ്
നിലാരാവിൽ കിനാവാനമേറിപാറവേ
ശാന്തമാമെൻ മനം തിരയുന്ന നിന്നെ
ഇന്നലെ ഈയാമത്തിലല്ലയോ ഞാൻ നിന്റെ
അരികിൽ വന്നതെന്നോതി ഇളം തെന്നൽവരവേ
നിലാരാവിലെ മനോഹരതീരങ്ങളിലൂടെ
ഞാനൊഴുകുന്ന തന്നനീർചോലയായ്
അതുമെല്ലെ അലിയിപ്പിച്ച കളയുന്നെന്റെ
മനസ്സിലെ ദുർവികാരങ്ങളെയെല്ലാം........
പുഴയായ് നീ എന്നരികിലൂടൊഴുകുമ്പോൾ
നിന്നെയീ കൈക്കുമ്പിളിൽ കോരിയെടുക്കുമ്പോൾ
ഉള്ളം കുളിരുന്ന നിലാവേ.........
നിന്നെ പുണരുമ്പോളെന്നപോലെ

**Gayathry K R**
**9 B**



# IMPORTANT DAYS

| **Month** | **Day** | **Importance** |
|---|---|---|
| January | 26 | Republic day |
| January | 28 | Newspaper day |
| January | 30 | Martyr's day |
| February | 4 | World cancer day |
| February | 28 | National science day |
| March | 3 | World wild life day |
| March | 8 | International womens day |
| March | 22 | World water day |
| March | 27 | Drama day |
| April | 7 | World health day |
| April | 22 | World earth day |
| April | 23 | World books day |
| April | 25 | World malaria day |
| April | 29 | World dance day |
| May | 1 | Labour's day |
| May | 31 | Anti tobacco day |
| June | 5 | World environment day |
| June | 19 | Reading day |
| June | 21 | International yoga day |
| July | 11 | World population day |
| September | 16 | World ozone day |
| September | 21 | World peace day |
| October | 9 | World post office day |
| November | 14 | Children's day |

**Afna Nahas** 9A



Akshaya s.s 9A

# എന്റെ ഗുരുനാഥൻ

അറിവിന്റെ ആദ്യക്ഷരം
ശൂന്യമാം എൻ മനസ്സിൽ
കുറിച്ചിട്ട എൻ ഗുരുനാഥൻ
അമ്മയ്ക്ക് എൻ മനതാരിലെന്നും
വിളങ്ങുമെൻ ഗുരുനാഥ
നന്മയും തിന്മയും വേറിട്ടറിഞ്ഞിടാൻ
കാരണഭൂതയെന്നദ്ധ്യാപിക

നന്മയും മൂല്യവും പ്രാവർത്തികമാകിടാൻ
ഊർജ്ജം പകർന്നതെൻ ഗുരുനാഥ
മനസ്സിന്റെ കോണിലെന്നും പ്രതിഷ്ഠിച്ചിട്ടുമെൻ
ഗുരുനാഥ എൻ ഗുരുനാഥ...........



Prarthana
IX B

# ലിറ്റിൽ കൈറ്റ്സ്

വിവരവിനിമയ സീങ്കേതിക വിദ്യയുടെസങ്കേതങ്ങൾ ഫലപ്രദമായിഉപയോഗിക്കാൻ
വൈദഗ്ധ്യവുംഅഭിരുചിയുമുള്ള ഒരുതലമുറയെരൂപപ്പെടുത്തിയെടുക്കാനും സാങ്കേതിക
വിദ്യയോടുള്ളപുതുതലമുറയുടെ ആഭിമുഖ്യം ഗുണപരമായും സർഗാത്മകമായും
പ്രയോജനപ്പെടുത്തുന്നതിനുമായി ലിറ്റിൽകൈറ്റ്സ് എന്ന കുട്ടികളുടെ ഐ.ടി
കൂട്ടായ്മഹൈടെക് പദ്ധതിയിലൂടെ നമ്മുടെ സ്കൂളിലും നടപ്പായി
ലിറ്റിൽ കൈറ്റ്സ് പദ്ധതിയിൽ അംഗമായ വിദ്യാർത്ഥികൾക്ക് വൈവിധ്യമാർന്ന
പ്രവർത്തനത്തിലൂടെ കടന്നുപോകാനുള്ള അവസരം ലഭിക്കുന്നു.
നൂതന സാങ്കേതിക വിദ്യാലോകത്തേക്ക് വിദ്യാർത്ഥികളെ കൈപിടിച്ചുയർത്തുന്ന
തരത്തിൽസ്കൂൾ തല പ്രവർത്തനങ്ങൾകൂടുതൽ അന്വേഷണവും
സർഗാത്മകവുമാക്കാനുംസാങ്കേതിക വിദ്യയിൽവൈദഗ്ധ്യവും അഭിരുചിയുമുള്ള
ഒരുതലമുറയെ വാർത്തെടുക്കുവാനും ഈ പദ്ധതിയിലൂടെ നമുക്ക് സാധിക്കുന്നു

## ലിറ്റിൽ കൈറ്റ് അംഗങ്ങൾ



•

- താളുകൾ താണ്ടി നാം കാഴ്ചകൾകണ്ട് പല്ലവത്തിനോട് വിട ചൊല്ലവെ,തങ്ങളുടേതായ സംഭാവന  ഒന്നുമില്ല എന്ന വിഷമമുള്ളവർക്കായി സമർപ്പിക്കുന്നു

കാഴ്ചകളുടെ കാണാമറയത്തെദൃശ്യാനുഭവങ്ങൾനിങ്ങളുടെ കണ്ണുകൾക്ക് കാണാൻ കഴിഞ്ഞെങ്കിൽ ഞങ്ങൾ കൃതാർത്ഥരായി.ഉൾക്കാഴ്ചയുടെ മായാലോകത്ത് സഞ്ചരിച്ച ഏവർക്കും നന്ദി..........................

ലിറ്റിൽകൈറ്റ്സ്

ഗേൾസ് ഹൈസ്കൂൾ

കണിച്ചുകുളങ്ങര



